# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.11.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. വികസിതവും സ്വയംപര്യാപ്തവുമായ ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് രാജ്യം ആത്മവിശ്വാസത്തോടെ നീങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has said that India is eager to become developed and self reliant.**

2. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി 50 കോടി എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കേരളത്തിൽ ഫോം വിതരണം രണ്ട് കോടി 67 ലക്ഷം കവിഞ്ഞു.

   **The Election Commission today informed that over 50 crore enumeration forms have been distributed among electors since the launch of Special Intensive Revision, SIR Phase II. In Kerala, the distribution of forms has exceeded 2 crore 67 lakh.**

3. ബിഹാറിൽ സർക്കാർ രൂപീകരണ ചർച്ചകൾ അവസാനഘട്ടത്തിൽ. സത്യപ്രതിജ്ഞ ഈ മാസം 20 ന്.

   **Political activity regarding formation of government in Bihar intensifies. The swearing-in ceremony of the new cabinet will be held on 20th of this month.**

4. ഡൽഹി സ്ഫോടനത്തിൽ ഒരാളെ കൂടി അറസ്റ്റ് ചെയ്ത് ദേശീയ അന്വേഷണ ഏജൻസി.

   **The National Investigation Agency has arrested another key associate of the terrorist involved in the Red Fort area car blast case.**

5. ആൻറിബയോട്ടിക് മരുന്നുകളുടെ തെറ്റായ ഉപയോഗം തടയുക എന്ന ലക്ഷ്യവുമായി ആൻറിമൈക്രോബിയൽ റെസിസ്റ്റൻസ് അവബോധ വാരാചരണത്തിന് ഇന്ന് തുടക്കം.

**The Antimicrobial Resistance Awareness Week will begin today with the aim of preventing the misuse of antibiotic medicines.**

6. ഗാസയിൽ സുരക്ഷയ്ക്കായി രാജ്യാന്തര സേനയെ നിയോഗിക്കാനുള്ള യു എസ് പ്രമേയത്തിന് യുഎൻ സുരക്ഷാ കൗൺസിലിന്റെ അംഗീകാരം.

**The UN Security Council approved a US plan for Gaza that authorizes an international stabilization force to provide security in the devastated territory.**

******************************

## PM – GOENKA LECTURE (INTRO)

വികസിതവും സ്വയംപര്യാപ്തവുമായ ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് രാജ്യം ആത്മവിശ്വാസത്തോടെ നീങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ നടന്ന ആറാമത് രാംനാഥ് ഗോയങ്ക പ്രഭാഷണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ വളർന്നുവരുന്ന വിപണി മാത്രമല്ല, ലോകത്തിന് പ്രത്യാശയുടെ മാതൃക കൂടിയാണെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷങ്ങളിൽ യൂറോപ്പിലും പശ്ചിമേഷ്യയിലും പ്രതിസന്ധികൾ ഉണ്ടായപ്പോഴും ഇന്ത്യയിൽ സാമ്പത്തിക വളർച്ച തുടർന്നു. ആഗോള അസ്ഥിരതയുടെ പശ്ചാത്തലത്തിലും രാജ്യത്തിൻറെ വളർച്ചാ നിരക്ക് ഏകദേശം ഏഴ് ശതമാനത്തിൽ തുടരുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്) (വോയ്സ്)

******************************

## EC-SIR

രാജ്യത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഇതുവരെ 50 കോടി എന്യൂമറേഷൻ ഫോമുകൾ സമ്മതിദായകർക്ക് വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ആകെ വോട്ടർമാരുടെ 98 ശതമാനമാണിത്. ഏറ്റവും കൂടുതൽ ഫോമുകൾ വിതരണം ചെയ്തത് ഉത്തർപ്രദേശിലാണ് - 15 കോടി 27 ലക്ഷം. ഈ മാസം നാലിന് ആരംഭിച്ച എസ് ഐ ആറിന്റെ രണ്ടാം ഘട്ടം അടുത്തമാസം 4 വരെ തുടരും.

******************************

## ASSAM

അസമിൽ 2026 ജനുവരി ഒന്ന് യോഗ്യതാ തീയതിയാക്കി പ്രത്യേക വോട്ടർ പട്ടിക പരിഷ്കരണത്തിന് ഉത്തരവിട്ട് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കരട് വോട്ടർ പട്ടിക അടുത്ത മാസം 27 ന് പ്രസിദ്ധീകരിക്കാൻ അസമിലെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് നിർദ്ദേശം നൽകി. അവകാശവാദങ്ങളും, എതിർപ്പുകളും ഡിസംബർ 27 മുതൽ ജനുവരി 22 വരെ അറിയിക്കാൻ അവസരമുണ്ടായിരിക്കും. അന്തിമ വോട്ടർ പട്ടിക 2026 ഫെബ്രുവരി 10 ന് പ്രസിദ്ധീകരിക്കും.

******************************

## SIR - KERALA

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിതരണം ചെയ്ത എന്യൂമെറേഷൻ ഫോമുകളുടെ എണ്ണം 2 കോടി 67 ലക്ഷം കവിഞ്ഞു. പതിനാലാം ദിവസമായ ഇന്നലെ വൈകിട്ട് 6 മണിവരെയുള്ള കണക്കുകളാണിത്. ഫോം വിതരണം 95.89 ശതമാനത്തിലെത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

******************************

## ELECTION - KERALA

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു. ഇതുവരെ 2,994 പേർ പത്രിക സമർപ്പിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ. തൃശൂരിലാണ് ഏറ്റവും കൂടുതൽ പത്രികാ സമർപ്പണം. 1,028 പേരാണ് ഇന്നലെ വരെ ജില്ലയിൽ പത്രിക സമർപ്പിച്ചത്. ഏറ്റവും കുറവ് പത്രികകൾ സമർപ്പിച്ചത് കാസർകോട് ജില്ലയിലാണ്. 10 പേർ. ഈ മാസം 21 വരെയുള്ള പത്രിക സമർപ്പണത്തിന് ശേഷം സൂക്ഷ്മ പരിശോധന 22-ന് നടക്കും. നവംബർ 24 വരെ പത്രിക പിൻവലിക്കാം. അടുത്ത മാസം ഒമ്പതിനും പതിനൊന്നിനും രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും.

******************************

## SOCIAL MEDIA

തദ്ദേശ തിരഞ്ഞെടുപ്പിൻറെ പ്രചാരണത്തിന് സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്ന ഉള്ളടക്കങ്ങളുടെ നിരീക്ഷണം ഊർജിതമാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഓഡിയോ, വീഡിയോ, ഡിസ്പ്ലേ, എ ഐ കണ്ടന്റുകൾ കർശനമായി പരിശോധിക്കും. വാട്സാപ്പ് ഗ്രൂപ്പുകളിലെ പ്രചരണപ്രവർത്തനങ്ങൾ അടക്കം നിരീക്ഷണത്തിന് വിധേയമാക്കുമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

******************************

## NIA-DELHI BLAST

ഡൽഹി ചുവപ്പ് കോട്ടയ്ക്ക് സമീപമുണ്ടായ സ്ഫോടനത്തിൽ ഒരാളെ കൂടി ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. കശ്മീർ സ്വദേശിയായ ജസീർ ബിലാൽ വാനിയെയാണ് ശ്രീനഗറിൽ നിന്നും അറസ്റ്റ് ചെയ്തത്. ഭീകരാക്രമണത്തിന് സാങ്കേതിക സഹായം നൽകിയത് വാനി ആണെന്ന് എൻഐഎ അറിയിച്ചു. ഭീകരൻ ഉമർ നാബിയുമായി ചേർന്ന് സ്ഫോടനം ആസൂത്രണം

ചെയ്തിരുന്നതായും അന്വേഷണ ഏജൻസി വ്യക്തമാക്കി. ഡൽഹി സ്ഫോടനത്തിൽ 10 പേർക്കാണ് ജീവൻ നഷ്ടമായത്. 25 പേർക്ക് പരിക്കേറ്റു.

******************************

## MEA-BANGLADESH

ബംഗ്ലാദേശിൽ സമാധാനവും, ജനാധിപത്യവും സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിൽ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യ മന്ത്രാലയം . ഇതിനായി ഇന്ത്യ ക്രിയാത്മക ഇടപെടലുകൾ നടത്തുമെന്നും മന്ത്രാലയം അറിയിച്ചു. ഷെയ്ഖ് ഹസീനയുമായി ബന്ധപ്പെട്ട് ധാക്കയിലെ അന്താരാഷ്ട്ര കുറ്റകൃത്യ ട്രൈബ്യൂണൽ പ്രഖ്യാപിച്ച വിധി ശ്രദ്ധയിൽപ്പെട്ടതായും ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി.

******************************

## UNSC - GAZA

ഗാസയിൽ സുരക്ഷയ്ക്കായി രാജ്യാന്തര സേനയെ നിയോഗിക്കാനുള്ള അമേരിക്കൻ പ്രമേയം യുഎൻ സുരക്ഷാ കൗൺസിൽ അംഗീകരിച്ചു. ചൈനയും റഷ്യയും വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു. രണ്ട് വർഷത്തെ യുദ്ധത്തിന് ശേഷം ഗാസയിൽ സമാധാനം പുനസ്ഥാപിക്കുന്നതിനുള്ള തുടർ നടപടികളുടെ ഭാഗമാണ് പ്രമേയം. യുഎൻ അംഗീകാരത്തോടെ വേണം രാജ്യാന്തര സേനയെ നിയോഗിക്കേണ്ടതെന്ന് അറബ് രാജ്യങ്ങൾ നേരത്തെ നിലപാട് എടുത്തിരുന്നു.

******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

******************************

## MEA-IRAN ADVISORY

ഇന്ത്യൻ പാസ്പോർട്ട് ഉടമകൾക്ക് വീസയില്ലാതെ ഇറാൻ സന്ദർശിക്കാൻ ലഭിച്ചിരുന്ന സൗകര്യം ഈ മാസം 22 മുതൽ താൽക്കാലികമായി നിർത്തിവച്ച് ഇറാൻ സർക്കാർ. വ്യാജ തൊഴിൽ വാഗ്ദാനങ്ങൾ നൽകി ഇന്ത്യക്കാരെ അനധികൃതമായി ഇറാനിലേക്ക് ആകർഷിച്ചതായുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യതിന്റെ പശ്ചാതലത്തിലാണ് തീരുമാനം. ഇറാൻ സന്ദർശിക്കാൻ ഉദ്ദേശിക്കുന്ന പൗരന്മാർ ജാഗ്രത പാലിക്കണമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

******************************

## BIHAR - GOVT FORMATION (INTRO)

ബിഹാറിൽ സർക്കാർ രൂപീകരണത്തിനുള്ള ചർച്ചകൾ അന്തിമഘട്ടത്തിൽ. സത്യപ്രതിജ്ഞാ ചടങ്ങ് ഈ മാസം 20 ന് നടക്കും. വിശദാംശങ്ങളിലേക്ക്.......

(ഹോൾഡ് വോയ്സ്.......)

ബിഹാറിൽ ബിജെപി നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കാനായി എംഎൽഎമാരുടെ യോഗം ഇന്ന് ചേരും. 243 അംഗ നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ എൻഡിഎ സഖ്യത്തിന് 202 സീറ്റുകൾ ലഭിച്ചു. 89 സീറ്റുകളുമായി ബിജെപി ഏറ്റവും വലിയഒറ്റകക്ഷിയായി. അതേസമയം JDU വിന്റെ ലെജിസ്ലറ്റീവ് പാർട്ടി യോഗം നാളെ ചേരും. ഇന്നലെ ചേർന്ന RJD നിയമസഭാ കക്ഷി യോഗം തേജസ്വി യാദവിനെ പ്രതിപക്ഷ നേതാവായി തിരഞ്ഞെടുത്തിരുന്നു. അതേസമയം പട്നയിലെ ഗാന്ധി മൈതാനിൽ സത്യപ്രതിജ്ഞയ്ക്കുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുകയാണ്. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും. ന്യൂസ് ഡെസ്ക് ആകാശവാണി

****************************************

## ANTIMICROBIAL WEEK

ആൻറിബയോട്ടിക് മരുന്നുകളുടെ തെറ്റായ ഉപയോഗം തടയുക എന്ന ലക്ഷ്യവുമായി ആൻറിമൈക്രോബിയൽ റെസിസ്റ്റൻസ് അവബോധ വാരാചരണത്തിന് ഇന്ന് രാജ്യത്ത് തുടക്കമാകും. 'ഇപ്പോൾ പ്രവർത്തിക്കുക - വർത്തമാനകാലം സംരക്ഷിച്ചാൽ, ഭാവി സുരക്ഷിതമാകും' എന്നതാണ് ഈ വർഷത്തെ സന്ദേശം. ഈ മാസം 24 വരെ നീളുന്ന വാരാചരണത്തിൻറെ ഭാഗമായി രാജ്യമെമ്പാടും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

****************************************

## ISSF – SHOOTING

ഈജിപ്തിലെ കെയ്റോയിൽ നടന്ന ഐഎസ്എസ്എഫ് ഷൂട്ടിംഗ് ലോക ചാമ്പ്യൻഷിപ്പിൽ ഒളിമ്പ്യൻ ഗുർപ്രീത് സിംഗിന് വെള്ളി മെഡൽ. പുരുഷന്മാരുടെ 25 മീറ്റർ സെന്റർ പിസ്റ്റൾ ഫയർ ഇനത്തിലാണ് മെഡൽ നേട്ടം. ലോക ചാമ്പ്യൻഷിപ്പിൽ ഗുർപ്രീതിന്റെ രണ്ടാമത്തെ വ്യക്തിഗത മെഡലാണിത്. ചാമ്പ്യൻഷിപ്പിൽ മൂന്ന് സ്വർണ്ണം ഉൾപ്പെടെ 13 മെഡലുകൾ നേടി മൂന്നാം സ്ഥാനത്താണ് ഇന്ത്യ .

****************************************

## I AND B RATES DIVISION

അച്ചടി മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളുടെ നിരക്ക് 26 ശതമാനം വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ. ഒരു ലക്ഷം കോപ്പി വരെ അച്ചടിക്കുന്ന പത്രമാധ്യമങ്ങളിലെ ബ്ലാക്ക് ആൻഡ് വൈറ്റ് പരസ്യങ്ങൾക്കുള്ള നിരക്ക് ചതുരശ്ര സെൻറിമീറ്ററിന് 47 രൂപ 40 പൈസയിൽ നിന്നും 59 രൂപ 68 പൈസയായാണ് വർദ്ധിപ്പിച്ചത്. 9-മത് നിരക്ക് പുനർനിർണയ സമിതി ശുപാർശ പ്രകാരമാണ് നടപടി.

****************************************

## EXPORT- IMPORT GROWTH

രാജ്യത്തെ കയറ്റുമതി 4.8 ശതമാനം വർദ്ധിച്ചതായി വാണിജ്യ വ്യവസായ മന്ത്രാലയം. ഈ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഒക്ടോബർ വരെ 491.8 ബില്ല്യൺ യുഎസ് ഡോളറിൻറെ കയറ്റുമതിയാണ് നടന്നത്. ആദ്യ ഏഴ് മാസങ്ങളിൽ പെട്രോളിയം ഇതര ഉത്പന്നങ്ങളുടെ കയറ്റുമതി 3.92 ശതമാനം വർദ്ധിച്ചു. ഒക്ടോബറിൽ സ്വർണ കയറ്റുമതിയിൽ 199.2 ശതമാനം വർദ്ധനയും രേഖപ്പെടുത്തിയിട്ടുണ്ട്.

******************************

## INDIA UK MILITARY EXERCISE

ഇന്ത്യ-ബ്രിട്ടൻ സംയുക്ത സൈനികാഭ്യാസമായ അജയ വാരിയറിന്റെ എട്ടാം പതിപ്പ് ബിക്കാനീറിൽ ആരംഭിച്ചു. നഗരപ്രദേശങ്ങളിലെ തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങളാണ് പ്രധാന ലക്ഷ്യം. ഇരു രാജ്യങ്ങളിൽ നിന്നുമുള്ള 240 സൈനികർ പങ്കെടുക്കുന്നുണ്ട്. ഇന്ത്യയിൽ നിന്ന് സിഖ് റെജിമെൻറിലെ സൈനികരാണ് പങ്കെടുക്കുന്നത്. ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശപ്രകാരമാണ് സംയുക്ത സൈനികാഭ്യാസം നടത്തുന്നത്. സൈനികാഭ്യാസം ഈ മാസം 30 വരെ തുടരും.

******************************

## RAIN - KERALA

കേരളത്തിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം ജില്ലകളിലാണ് മുന്നറിയിപ്പ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്കേർപ്പെടുത്തി.

**************************************************************************************************

******************************